# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2799**

**18.08.2017-ന് മറുപടിയ്ക്ക്**

## വൊക്കേഷണൽ ഹയർ സെക്കണ്ടറി മാർക്ക് ലിസ്റ്റുകളിലെ വ്യാപകമായ തെറ്റുകൾ

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വിതരണത്തിനായി സ്കൂളുകളിൽ എത്തിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി മാർക്കു ലിസ്റ്റുകളിലെ വ്യാപകമായ തെറ്റുകൾ കാരണം അവയുടെ വിതരണം നിർത്തിവെക്കുന്നതിനായി ബന്ധപ്പെട്ട ഡയറക്ടർ ഉത്തരവ് / സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വെക്കുമോ;

(എ) അപാകത സംഭവിച്ച മാർക്ക് ലിസ്റ്റുകൾ മാത്രം സോർട്ട് ചെയ്ത് മാറ്റി അവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യരുതെന്ന് ഇ-മെയിൽ സന്ദേശത്തിലൂടെ സ്കൂൾ അധികൃതരെ അറിയിച്ചിരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) മാർക്കു ലിസ്റ്റുകളിൽ /സർട്ടിഫിക്കറ്റുകളിൽ വ്യാപകമായ തെറ്റുകൾ സംഭവിച്ചതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഉണ്ട്. മാർച്ച് 2017-ൽ നടത്തിയ വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷ, കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് സ്കീമിൽ, വൊക്കേഷണൽ വിഷയങ്ങളുടെ പുതുക്കിയ പാഠ്യ പദ്ധതി അനുസരിച്ച് ആദ്യ പരീക്ഷയാണ് നടത്തിയത്. സ്കിൽ ഇവാല്യുവേഷൻ സ്കോറുകൾ, മോഡ്യൂൾ പേരുകൾ ഇവ ഉൾപ്പെടെ നിരവധി കാര്യങ്ങൾ പുതിയ സ്കോർ ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആദ്യമായി എൻ.ഐ.സി. (NIC) തയ്യാറാക്കിയ VModEMS എന്ന സോഫ്ട് വെയറിന്റെ അടിസ്ഥാനത്തിലാണ് സ്കോർഷീറ്റുകൾ

തയ്യാറാക്കിയത്. ടി സോഫ്ട് വെയറിൽ സംഭവിച്ച അപാകത എൻ.ഐ.സിയുടെ സഹായത്തോടെ ഉടൻതന്നെ കണ്ടെത്തുകയും സ്കോർ ഷീറ്റുകൾ കുട്ടികളുടെ കൈവശം എത്താതെ തടയുകയും ചെയ്തു. അപാകത സംഭവിച്ച സ്കോർഷീറ്റുകൾ എൻ.ഐ.സിയുടെ സഹായത്തോടെ അപാകത പരിഹരിച്ച് ഒരു ദിവസത്തിനുള്ളിൽ തന്നെ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ഒരു കുട്ടിയുടെ പോലും ഉന്നത പഠനത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ഇല്ല. എൻ.ഐ.സി തയ്യാറാക്കിയ സോഫ്ട് വെയറിൽ സംഭവിച്ച അപാകത എന്ന നിലയിലും അത് ഏതാണ്ട് പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്തിട്ടുള്ള പരീക്ഷാ വിഭാഗത്തിനുവേണ്ടി ആദ്യമായി തയ്യാറാക്കിയ, പുതുക്കിയ പാഠ്യപദ്ധതിക്കായുള്ള സോഫ്ട് വെയറിൽ സംഭവിച്ച അപാകതയെന്നത് കൂടി പരിഗണിച്ച് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

Geetha

സെക്ഷൻ ഓഫീസർ

(5)

<u>പരീക്ഷ - അതീവ അടിയന്തിരം</u>

തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി
വിദ്യാഭ്യാസ പരീക്ഷാ ബോർഡ്
തിരുവനന്തപുരം 695 001
ഫോൺ. 0471 2324015
ഇ.മെയിൽ vhsexamination@gmail.com

വി.എക്സ്2/1427/2017 തീയ്യതി, 28/06/207

<u>സർക്കുലർ</u>

വിഷയം: വൊക്കേഷണൽ ഹയർ സെക്കന്ററി രണ്ടാം വർഷ പരീക്ഷ മാർച്ച് 2017 - മാർക്ക് ലിസ്ററിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച്.

വൊക്കേഷണൽ ഹയർ സെക്കന്ററി 2017 മാർച്ചിൽ നടത്തിയ രണ്ടാം വർഷ പൊതു പരീക്ഷയുടെ ചില മാർക്ക് ലിസ്ററുകളിൽ മോഡ്യൂളുകളിലെ ഗ്രേഡുകൾ അക്ഷരത്തിൽ രേഖപ്പെടുത്തിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനായി അപാകത സംഭവിച്ച മാർക്ക് ലിസ്ററുകൾ പ്രിൻസിപ്പൾമാർ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാതെ മാററി വെയ്ക്കേണ്ടതും അവയുടെ രജിസ്റ്റർ നമ്പറുകൾ ഉടൻ തന്നെ ഈ ഓഫീസിലേക്ക് ഇമെയിൽ മുഖാന്തിരം അറിയിക്കേണ്ടതുമാണ്. കൂടാതെ ജയിച്ച വിഭാഗം, തോററ വിഭാഗം വിദ്യാർത്ഥികളുടെ രജിസ്ററർ നമ്പറുകൾ പ്രത്യേകം രേഖപ്പെടുത്തി നല്കേണ്ടതാണ്.

ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വി.എച്ച്.എസ്.ഇ പ്രിൻസിപ്പൾമാർക്കും
2. എല്ലാ വി.എച്ച്.എസ്.ഇ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും

സെക്ഷൻ ഓഫീസർ